# ജമാഅത്തിന്റെ ഇഖാമത്തുദ്ദീനും ഖലീഫത്തുല്ലാഹ് വാദവും

സാലിഷ് വാടാനപ്പള്ളി

'ഹുകൂമത്തെ ഇലാഹി' 'ഹാകിമിയ്യത്തുല്ലാഹ്' 'ഇഖാമത്തുദ്ദീൻ' എന്നിങ്ങനെ വിവിധ നാമങ്ങളിൽ അറിയപ്പെടുന്ന പ്രമേയത്തെ നമുക്ക് സുപരിചിതമാണ്. ഇസ്‌ലാമിനെ സ്വേച്ഛക്കനുസരിച്ച് വ്യാഖ്യാനിച്ചൊപ്പിക്കുകയും, ക്വുർആനിന് രാഷ്ട്രീയ വ്യാഖ്യാനങ്ങൾ നൽകുകയും, 'സമഗ്രത' യുടെ പേരിട്ട് മുസ്‌ലിംകൾക്കിടയിൽ രാഷ്ട്രീയ വീക്ഷണങ്ങൾ അടിച്ചേൽപ്പിക്കുവാനും ശ്രമിച്ച് കൊണ്ടിരിക്കുന്ന 'ജമാഅത്തെ ഇസ്‌ലാമി' പല സാഹചര്യങ്ങളിലും, പല വ്യാഖ്യാനത്തോടെ അവതരിപ്പിക്കുന്ന ഒരു നവീനവാദം, രാഷ്ട്രീയ കലുഷിതമായ ഒരു കാലഘട്ടത്തിൽ പത്രപ്രവർത്തകനായിരുന്ന സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി അവതരിപ്പിച്ച പുത്തനാശയമാണിത്. ഈ പുതുവ്യാഖ്യാനത്തിനേ ഇസ്‌ലാമിന്റെ 'സമഗ്രത' ഉൾക്കൊള്ളാൻ കഴിയുകയുള്ളൂ എന്നെല്ലാം പല മൗദൂദിസ്റ്റുകളും എഴുതുകയും, പ്രസംഗിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഇക്കൂട്ടർക്ക് തന്നെ എന്താണ് യഥാർത്ഥത്തിൽ 'ഹുകൂമത്തെ ഇലാഹി' എന്ന് കൃത്യമായി വിശദീകരിക്കാൻ കഴിയാറില്ല എന്നത് ഒരു നഗ്നസത്യമാണ്. വാചകകസർത്തുകൾ കൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും, പുകമറകൾ സൃഷ്ടിച്ച് ആശയകുഴപ്പങ്ങളിൽ തളച്ചിടുകയുമാണ് പലപ്പോഴും മൗദൂദിസ്റ്റുകൾ ചെയ്യാറുള്ളത്.

എന്താണ് ഹുകൂമത്തെ ഇലാഹി എന്ന് മനസ്സിലാക്കിയവരാരും ആ വാദത്തെ അനുകൂലിക്കുകയില്ല എന്ന ഭയമാണ് മൗദൂദിസ്റ്റുകളെ, അത് ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുന്നതിൽ നിന്ന് തടയുന്നത് എന്നതാണ് വാസ്തവം. എന്താണ് 'ഹാകിമിയ്യത്തുല്ലാഹ്' ഇഖാമത്തുദ്ദീൻ? മൗദൂദിയും, സയ്യിദ് ഖുതുബും തുടങ്ങിയുള്ള നേതാക്കൾ ആവിഷ്കരിച്ച പുകമറകളാൽ വ്യക്തമാകാത്ത ഹാഖിമിയ്യത്തുല്ലാഹ് സിദ്ധാന്തം എന്താണ് എന്ന് ഹ്രസ്വമായി നമുക്ക് തെളിവുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാം.

''അല്ലാഹു തആലക്കാണല്ലോ ആകാശഭൂമികളുടെ ആധിപത്യം. ഈ ആധിപത്യം അവൻ സ്വയം കയ്യാളുകയും നടത്തുകയും ചെയ്യുന്നവനായിരുന്നു. സ്രഷ്ടാവായ തമ്പുരാൻ വിവേകശാലിയും, പക്വവുമായ സൃഷ്ടിയായ മനുഷ്യനെ സൃഷ്ടിച്ചു. അല്ലാഹുവിന്റെ പ്രതിനിധി അഥവാ 'അല്ലാഹുവിന്റെ ഖലീഫ' യായികൊണ്ട് ഭൂമിയിലേക്ക് അല്ലാഹു മനുഷ്യരെ നിയോഗിച്ചു. അഥവാ ഭൂമിയിലുള്ള അല്ലാഹുവിന്റെ ആധിപത്യം നിയന്ത്രിക്കാനും, ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയായി ജീവിക്കുവാനുമാണ് മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചത്. എന്നാൽ ഭൂമിയിൽ അല്ലാഹുവിന്റെ പരമാധികാരം ചില അക്രമികളായ രാജാക്കന്മാരും, ഭരണാധികാരികളും പിടിച്ചടക്കിയിരിക്കുകയാണ്. അവർ ഭൂമിയിൽ സ്വേച്ഛപ്രകാരം ഭരണം നടത്തുകയും, അല്ലാഹുവിന്റെ പരമാധികാരങ്ങൾ സ്വയം കയ്യാളുകയും ചെയ്തിരിക്കുന്നു. നംറൂദും, ഫിർഔനും അല്ലാഹുവിന്റെ പരമാധികാരം കൈക്കലാക്കുകയും, അതിര് കവിഞ്ഞ് അഹങ്കരിക്കുകയും ചെയ്തതുപോലെ ആധുനിക നംറൂദുമാരും, ഫിർഔന്മാരുമാണ് ഇന്ന് ഇന്ത്യയിലും യൂറോപ്പിലും അമേരിക്കയിലുമെല്ലാം അല്ലാഹുവിന്റെ അധികാരത്തെ പിടിച്ചടക്കിയിരിക്കുന്നത്. അതിനാൽ നാം അല്ലാഹുവിന്റെ പരമാധികാരവും, ഇസ്‌ലാമിക വ്യവസ്ഥയും സ്ഥാപിക്കുവാൻ നിയോഗിതരായ അല്ലാഹുവിന്റെ പ്രതിനിധികളാണ്. (ഖലീഫതുല്ലാഹ്) അല്ലാഹുവിന്റെ പരമാധികാരം അല്ലാഹുവിന് തന്നെ തിരിച്ചേൽപ്പിക്കുന്ന

മഹത്തായ ദൗത്യമാണ് 'ഹാകിമിയ്യത്തുല്ലാഹ്' ഈ മഹത്തായ ദൗത്യത്തിന്റെ വാഹകരാണ് ജമാഅത്തെ ഇസ്‌ലാമി.' ഇതാണ് യാഥാർത്ഥ്യമായും മൗദൂദിയെപോലെയുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ നേതാക്കൾ അവതരിപ്പിച്ച ഹാകിമിയ്യത്തുല്ല. ഈ വാദത്തെ മുസ്‌ലിംകൾക്കിടയിൽ വേരോട്ടമുണ്ടാക്കാനായി ഇസ്‌ലാമിലെ സാങ്കേതിക പദങ്ങളെ അവർ ദുർവ്യാഖ്യാനിച്ചു. ആയത്തുകളേയും ഹദീഥുകളേയും വളച്ചൊടിച്ചു. ഇപ്രകാരമുള്ള വളച്ചൊടിക്കപ്പെട്ട ഒരായത്താണ് സൂറത്തുൽ ബഖറയിലെ 30-ാം വചനം.

അല്ലാഹു പറയുന്നു. ''നിന്റെ രക്ഷിതാവ് പറഞ്ഞ സന്ദർഭം. ഭൂമിയിൽ ഞാൻ ഒരു പ്രതിനിധിയെ നിശ്ചയിക്കുകയാണ്. (അപ്പോൾ മലക്കുകൾ പറഞ്ഞു) അതിൽ അതിന്റെ സംവിധാനം താറുമാറാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ (ഭൂമിയിൽ) നിശ്ചയിക്കുകയാണോ?.....''*(ബഖറ: 30)*

ഈ പരിശുദ്ധ വാക്യത്തെ ദുർവ്യാഖ്യാനിച്ച് കൊണ്ട് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി എഴുതുന്നു. ''ഒരു സാധനത്തെ അതിന്റെ ഉടമസ്ഥൻ ഏൽപിച്ച അധികാരമനുസരിച്ച് വിനിയോഗിക്കുന്നവനാണ് 'ഖലീഫ' അഥവാ പ്രതിനിധി. പ്രതിനിധി ഉടമസ്ഥനല്ല; ഉടമസ്ഥന്റെ കീഴിൽ കാര്യം നടത്തുന്നവനാണ്. അയാളുടെ അധികാരങ്ങൾ സ്വന്തമായുള്ളതല്ല; ഉടമസ്ഥൻ നൽകിയത് മാത്രമാണ്. ഉടമസ്ഥന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുക മാത്രമാണവന്റെ ജോലി. ഇനി അവൻ സ്വയം ഉടമസ്ഥനായി ചമഞ്ഞ് ഉടമസ്ഥൻ നൽകിയ അധികാരങ്ങളെ സ്വേച്ഛാനുസാരം ഉപയോഗിക്കുകയോ അഥവാ, സാക്ഷാൽ ഉടമസ്ഥനൊഴിച്ച് മറ്റാരെയെങ്കിലും ഉടമസ്ഥനായി അംഗീകരിച്ച് അവരുടെ ആജ്ഞാനുവർത്തിയായി നിലകൊള്ളുകയും ചെയ്യുകയോ ആണെങ്കിൽ അത് രാജ്യദ്രോഹവും ധിക്കാരവുമായിരിക്കും.... ഇതുകൊണ്ടുള്ള വിവക്ഷ, ഭൂമിയിലും ഭൂമിയുമായി ബന്ധപ്പെട്ട പ്രപഞ്ചമണ്ഡലങ്ങളിലും നിയമിതരായ മലക്കുകളോടെല്ലാം മനുഷ്യന്റെ ഹിതത്തിന് വഴങ്ങുവാൻ ആജ്ഞാപിച്ചുവെന്നാണ്. അല്ലാഹുവിന്റെ ഉത്തരവുപ്രകാരം ആ പ്രദേശത്തേക്ക് മനുഷ്യൻ ദൈവപ്രതിനിധിയായി നിയമിതനാവാൻ പോകുകയാണ്. അതിനാൽ, മലക്കുകളോട് അല്ലാഹു ആജ്ഞാപിക്കുന്നു. നാം മനുഷ്യന് നൽകുന്ന അധികാരങ്ങളെ ശരിയോ തെറ്റോ ആയ ഏത് കാര്യത്തിൽ അവൻ ഉപയോഗിക്കാനുദ്ദേശിച്ചാലും, നമ്മുടെ മുൻകൂട്ടിയുള്ള തീരുമാനമനുസരിച്ച് അങ്ങനെ പ്രവർത്തിക്കുവാൻ അവന് അവസരം നൽകുന്നുവെങ്കിൽ അവന്റെ ആ കർമ്മം നിങ്ങളിൽ ആരാരുടെ പ്രവർത്തനപരിധിയിൽ പെടുന്നുവോ അവരെല്ലാം തങ്ങളുടെ പരിധിയെ സംബന്ധിച്ചിടത്തോളം അവനുമായി സഹകരിക്കണം.... ഒരുദാഹരണം വഴി ഇത് മനസ്സിലാക്കാം. ഒരു രാഷ്ട്രത്തിന്റെ അധിപൻ തന്റെ അധികാരത്തിൽപെട്ട ഏതെങ്കിലും പ്രദേശത്ത് ഒരു വ്യക്തിയെ ഭരണകർത്താവായി നിയോഗിക്കുന്നപക്ഷം, അയാളെ അനുസരിക്കേണ്ടത് ആ പ്രദേശത്തെ ഗവൺമെന്റ് ഡ്യൂട്ടിയിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാർക്കും നിർബന്ധമായിത്തീരുന്നു. ആ ഭരണകർത്താവിന് തന്റെ അധികാരങ്ങൾ ഉപയോഗിക്കുവാൻ അവസരം നൽകണമെന്ന് രാഷ്ട്രത്തിന്റെ തലവൻ ഉദ്ദേശിക്കുന്ന കാലത്തോളം അവനുമായി അവർ പൂർണമായും സഹകരിക്കേണ്ടതുണ്ട്. അവൻ തന്റെ അധികാരങ്ങൾ ശരിയായ പ്രവർത്തനങ്ങളിലോ, തെറ്റായ മാർഗ്ഗങ്ങളിലോ ഉപയോഗിക്കുന്നതെന്ന് നോക്കേണ്ടകാര്യം അവർക്കില്ല. എന്നാൽ, ഏതെങ്കിലുമൊരു കാര്യത്തെ കുറിച്ച്, അത് പ്രവർത്തിക്കാൻ അവനെ അനുവദിക്കരുതെന്ന് രാഷ്ട്രപതിയിൽ നിന്ന് അവർക്ക് ഉത്തരവ് ലഭിക്കുന്നതോടെ ആ ഭരണകർത്താവിന്റെ അധികാരം അവസാനിച്ചുപോകുന്നതാണ്. അതോടെ ആ പ്രദേശത്തെ മുഴുവൻ ഗവൺമെന്റുദ്യോഗസ്ഥന്മാരും ഹർത്താലാചരിച്ചതുപോലെയുള്ള ഒരു പ്രതീതിയാണനുഭവപ്പെടുക. അത്രയുമല്ല, പ്രസ്തുത ഭരണകർത്താവിനെ സ്ഥാനഭ്രഷ്ടനാക്കുവാനും അറസ്റ്റ് ചെയ്യുവാനും രാഷ്ട്രപതി ഉത്തരവ് പുറപ്പെടുവിക്കുന്ന പക്ഷം, അതേവരെ അവന്റെ ആജ്ഞാനുവർത്തികളായിരുന്ന സേവകരും കീഴുദ്യോഗസ്ഥന്മാരും തന്നെ അവനെ കൈക്ക് വിലങ്ങ് വെച്ച് കാരാഗൃഹത്തിലേക്ക് കൊണ്ടുപോകുന്നതാണ്! ആദമിന്റെ മുന്നിൽ കുനിയുവാൻ മലക്കുകൾ ആജ്ഞാപിക്കപ്പെട്ടതിന്റെ സ്വഭാവവും ഏതാണ്ട് ഇതുതന്നെയാണ്....'' *(തഫ്ഹീമുൽ ക്വുർആൻ. സൂറത്തുൽ ബഖറ: 37,45 വ്യാഖ്യാനകുറിപ്പുകൾ ഐ.പി.എച്ച്)*

ക്വുർആനുമായി അൽപമെങ്കിലും ബന്ധമുള്ള, ദീനിസ്നേഹികളായ ഏത് നിഷ്പക്ഷമതികളും അത്ഭുതം കൂറിപ്പോകുന്നവിധം അബദ്ധജടിലമല്ലെ ഈ വ്യാഖ്യാനം. അല്ലാഹുവെ രാഷ്ട്രപതി യായി വ്യാഖ്യാനിക്കുന്നു.....മനുഷ്യൻ അവന്റെ പ്രതിനിധിയായ മന്ത്രി, മലക്കുകൾ, ഗവൺമെന്റു ദ്യോഗസ്ഥർ!? ഇതാണ് യഥാർത്ഥത്തിൽ 'ഖലീഫത്തുല്ലാഹ്' വാദം അഥവാ ഹുകൂമത്തെ ഇലാഹി! 'പ്രബോധനം' ദ്വൈവാരികയിൽ വന്ന ഒരു ചോദ്യോത്തരത്തിന്റെ പ്രസക്തഭാഗം കാണുക.

''ചോദ്യം: അല്ലാഹുവിന്റെ പ്രതിനിധിയായിട്ടാണ് മനുഷ്യൻ ഈ ലോകത്തേക്ക് സൃഷ്ടിക്കപ്പെട്ട തെന്ന് പറയുന്നുണ്ടല്ലോ. മനുഷ്യൻ എങ്ങനെയാണ് സൃഷ്ടികൾ ഒന്നിനോടും ഒരു വിധത്തിലും സാദൃശ്യമില്ലാത്ത അല്ലാഹുവിന്റെ പ്രതിനിധിയാവുക?

ഉത്തരം: ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധി എന്ന നിലക്കാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടി ട്ടുള്ളതെന്ന് വിശുദ്ധ ക്വുർആൻ തന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. പ്രഥമ മനുഷ്യനെ സൃഷ്ടിക്കു മ്പോൾ മലക്കുകളെ വിളിച്ച് അല്ലാഹു അറിയിച്ചതായി ക്വുർആൻ പറയുന്നു: ''ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നു.'' *(പ്രശ്നങ്ങൾ വീക്ഷണങ്ങൾ 48, ഐ.പി.എച്ച്. ടി. ഉബൈദ്)*

ചുരുക്കത്തിൽ, അല്ലാഹുവിന്റെ പ്രതിനിധികളായ മനുഷ്യർ ഭൂമിയിൽ അല്ലാഹുവിന്റെ പരമാധി കാരം സ്ഥാപിക്കാനായി യത്നിക്കണം. ഇതാണ് യഥാർത്ഥത്തിൽ ഇഖാമത്തുദ്ദീൻ. ജമാഅത്തെ ഇസ്ലാമിക്കാരുടെ ദൗത്യം അല്ലാഹുവിന്റെ പരമാധികാരം അല്ലാഹുവിന് തിരിച്ചേൽപ്പിക്കുകയെ ന്നതാണ് എന്ന് മൗദൂദി സാഹിബ് തുറന്നടിച്ചിട്ടുണ്ട് *(ഖുതുബാത്ത് 290)* സയ്യിദ് ഖുതുബ് ഇക്കാര്യം വിശദമായിതന്നെ 'വഴിയടയാളത്തിലും' പ്രതിപാദിച്ചിട്ടുണ്ട്. ഈ പരിഹാസ്യവും, പ്രമാ ണങ്ങളുടെ പിൻബലമില്ലാത്തതുമായ വാദം ജനങ്ങൾക്ക് മുമ്പിൽ വാക്സൗന്ദര്യത്തിന്റെ മറപിടിച്ച വതരിപ്പിക്കുകയാണ് മൗദൂദിസ്റ്റുകൾ ചെയ്ത് പോരുന്നത്.

പ്രസ്തുത വാദത്തിന്റെ പ്രാമാണികത പരിശോധിക്കുന്നതോടുകൂടി മൗദൂദിസത്തിന്റെ പ്രസ ക്തിയെ അത് ചോദ്യം ചെയ്യുമെന്നതാണ് യാഥാർത്ഥ്യം. ഖലീഫത്തുല്ലാഹ് വാദത്തിന് അഥവാ മനുഷ്യൻ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയാണ് എന്ന സങ്കൽപ്പത്തിന് ഇസ്ലാമിക പ്രമാണ ങ്ങളിൽ യാതൊരു അടിത്തറയുമില്ല എന്നതാണ് യാഥാർത്ഥ്യം. പരിശുദ്ധ ക്വുർആനും തിരുസു ന്നത്തും ഈ പുതുസിദ്ധാന്തത്തിന് യാതൊരു രേഖയും നൽകുന്നില്ല എന്ന് മാത്രമല്ല, അവക്ക് കട കവിരുദ്ധമാണ് എന്നതാണ് വസ്തുത. ഈ വാദഗതിക്ക് ഉപോൽബലകമായി മൗദൂദിസ്റ്റുകൾ ഉദ്ധ രിക്കുന്ന 'സൂറത്തുൽ ബഖറ' യിലെ 30–ാം വാക്യം നമുക്ക് ആദ്യമായി പരിശോധിക്കാം.

പ്രസ്തുത ആയത്തിൽ അല്ലാഹുവിന്റെ പ്രതിനിധിയാണ് മനുഷ്യൻ എന്നതിന് ഒരു സൂചനപോലു മില്ല. അവിടെ അല്ലാഹു പറയുന്നത് ''ഒരു പ്രതിനിധിയെ നിശ്ചയിക്കുന്നു എന്ന് മാത്രമാണ്. എന്റെ പ്രതിനിധി എന്ന് അല്ലാഹു പറഞ്ഞിട്ടേയില്ല. ആയത്തിലുള്ള ഖലീഫക്കുള്ള അർത്ഥം അറിയാതെ പോയതാണ് മൗദൂദിസ്റ്റുകൾക്ക് പറ്റിയ തെറ്റ്. 'ഖലീഫ' എന്ന ആ പദത്തിനുള്ള സാങ്കേതികാർത്ഥം കൃത്യമായി തന്നെ മുഫസ്സിറുകൾ രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ട്.

റാസി പറയുന്നു. ''ഒരുവന് പിൻഗാമിയായി വരികയും അവന്റെ സ്ഥാനത്ത് നിൽക്കുകയും ചെയ്യുന്നവനാണ് 'ഖലീഫ' *(തഫ്സീർ റാസി: 1/257)*

''ഒരുവന്റെ സ്ഥാനത്ത് അവന് ശേഷം നിലകൊള്ളുന്നവനെ 'ഖലീഫ' യെന്ന് പറയുന്നു....ഇപ്ര കാരം ഒരു ചക്രവർത്തിയെ 'ഖലീഫ' എന്ന് പറയും. കാരണം അയാൾ അയാൾക്ക് മുമ്പുണ്ടായി രുന്നയാളുടെ പിന്തുടർച്ചക്കാരനാണ്.'' *(തഫ്സീർ ഇബ്നുകഥീർ 1/70, തഫ്സീർ ത്വബ്രി: 1/156)*

അപ്പോൾ ഒരാൾക്ക് ശേഷം വരുന്നത്, തുടർന്ന് വരുന്നത് എന്ന അർത്ഥത്തിലാണ് 'ഖലീഫ' എന്ന പ്രയോഗം. ആയത്തിൽ മനുഷ്യനെ 'ഖലീഫ' എന്ന് പറയാനുള്ള കാരണങ്ങൾ മൂന്നായി പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു.

1) ഇബ്നു അബ്ബാസ്(റ)വിന്റെ വ്യാഖ്യാനപ്രകാരം ഭൂമിയിൽ അല്ലാഹു ജിന്നുകളെ പടക്കുകയും അവർ ഭൂമിയിൽ അങ്ങേയറ്റം കുഴപ്പങ്ങളും, രക്തചൊരിച്ചിലുകളും ഉണ്ടാക്കുകയും ചെയ്തു. ഈ ജിന്നുകൾക്ക് ശേഷം അല്ലാഹു മനുഷ്യരെ ഭൂമിയിൽ ജീവിക്കാനായി സൃഷ്ടിച്ചു. അപ്പോൾ ജിന്നുകളുടെ പിന്തുടർച്ചക്കാരായി ഭൂമിയിലേക്ക് വന്നവർ എന്ന അർത്ഥത്തിലാണ് ഈ ആയത്തിൽ 'ഖലീഫ' എന്ന് പ്രയോഗിച്ചിരിക്കുന്നത്. *(തഫ്സീറുത്വബ്രി: 1/156, 157)*

2) മറ്റു ചില മുഫസ്സിറുകൾ അതിനെ വ്യാഖ്യാനിച്ചത് ഇപ്രകാരമാണ്: ''മനുഷ്യർ പരസ്പരം പിന്തുടർച്ചക്കാരാണ്. ആദമിന്റെ മക്കൾ അവരുടെ പിതാക്കളെ പിന്തുടർന്ന് വന്നവരാണ്. ഇങ്ങനെ പരമ്പരകളായി മനുഷ്യസമുദായം തങ്ങളുടെ പൂർവ്വീകരെ പ്രതിനിധീകരിക്കുന്നതിനാലാണ് മനുഷ്യരെ 'ഖലീഫ' എന്ന് വിളിച്ചിരിക്കുന്നത്.'' *(തഫ്സീരുത്വബ്രി: 1/157)*

ഇമാം ഹസനുൽ ബസ്വരിയിൽ നിന്നും ഈ അഭിപ്രായം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായത്തെയാണ് ഇമാം ഇബ്നു കഥീർ(റ) അംഗീകരിച്ചിരിക്കുന്നതും *(തഫ്സീറ് ഇബ്നു കഥീർ: 1/69)*

3) മനുഷ്യർ മലക്കുകളുടെ പ്രതിനിധിയാണ് എന്നും, മനുഷ്യരെ സൃഷ്ടിക്കുന്നതിന് മുമ്പ് മലക്കുകളല്ലാതെ മറ്റൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ലായിരുന്നുവെന്നും ഇബ്നുസൈദിൽ നിന്നും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. *(തഫ്സീർ ത്വബ്രി: 1/157)*

ഈ മൂന്നഭിപ്രായങ്ങളിൽ നിന്നും രണ്ടാമത്തെ അഭിപ്രായമാണ് പ്രമാണങ്ങളോടും, ഖുർആനിലെ മറ്റായത്തുകളോടും അടുത്ത് കിടക്കുന്നത്. തൽക്കാലം ആ വിഷയത്തിലേക്ക് കടക്കുന്നില്ല. ഈ മൂന്ന് അഭിപ്രായങ്ങളും നാം സ്വീകരിച്ചാലും മൗദൂദിസ്റ്റുകളുടെ അഭിപ്രായത്തിന് ഒരു അടിത്തറയുമില്ല എന്ന് ബോദ്ധ്യമാകുന്നതാണ്. ചുരുക്കത്തിൽ 'ഖലീഫതുല്ലാഹ്' വാദത്തിന് പരിശുദ്ധ ഖുർആനിൽ യാതൊരു രേഖയുമില്ല.

ഹദീഥുകൾ പരതിയാൽ റസൂൽ(സ)യിൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഒരു സ്വഹീഹായ ഹദീഥിൽ അദ്ദേഹം യാത്രയിൽ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നതായി ഉദ്ധരിക്കപ്പെടുന്നു: ''അല്ലാഹുവേ എന്റെ യാത്രയിൽ നീയെന്നോട് സഹവസിക്കണേ, എന്റെ കുടുംബത്തിൽ നീ എന്നെ പ്രതിനിധീകരിക്കണേ.......'' ഈ ഹദീഥിന്റെ അടിസ്ഥാനത്തിൽ അടിമയുടെ പ്രതിനിധി അല്ലാഹുവാണ് എന്നും, അല്ലാഹുവിന്റെ പ്രതിനിധിയാകാൻ മനുഷ്യന് കഴിയില്ല എന്നും പണ്ഡിതന്മാർ സ്ഥാപിച്ചിരിക്കുന്നു. സൃഷ്ടികളുമായി ഒരു വിശേഷണത്തിൽ പോലും സാമ്യപ്പെടാത്ത പരമോന്നതനായ റബ്ബിനെങ്ങനെ പ്രതിനിധിയുണ്ടാകും? സാമ്യതയില്ലാതെ എങ്ങനെ പ്രാതിനിധ്യം ഉണ്ടാകും? ഇക്കൂട്ടർ പറഞ്ഞുണ്ടാക്കുന്നത് എത്ര ഗുരുതരമായ ആരോപണങ്ങളാണ്. അതുകൊണ്ട്തന്നെ ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ്യ(റ) ഇപ്രകാരമെഴുതി.

''അല്ലാഹുവിന് 'ഖലീഫ'യുണ്ടാകൽ അനുവദനീയമല്ല. ഇത് കൊണ്ടാണ് അബൂബക്കർ സിദ്ധീഖ്(റ)വിനോട് അല്ലാഹുവിന്റെ പ്രതിനിധി എന്ന് പറയപ്പെട്ടപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞത്. ഞാൻ അല്ലാഹുവിന്റെ പ്രതിനിധിയല്ല. ഞാൻ റസൂലുല്ലാഹി(സ)യുടെ പ്രതിനിധിയാണ്. എനിക്കതുമതി. ''എന്നാൽ അല്ലാഹു മറ്റുള്ളവർക്ക് പ്രതിനിധിയാകും. നബി(സ) പറഞ്ഞു: ''യാത്രയിലെ എന്റെ കൂട്ടുകാർ നീയാണ്. എന്റെ കുടുംബത്തിലെ പ്രതിനിധി നീയാണ്.....'' ........പ്രാതിനിധ്യം ഉണ്ടാകുന്നത് മരണം, അസാന്നിദ്ധ്യം, പ്രാതിനിധ്യത്തിന് ആവശ്യമായ ആവശ്യങ്ങളുണ്ടാ

കുമ്പോഴൊക്കെയാണ്......ഇപ്പറഞ്ഞതെല്ലാംതന്നെ അല്ലാഹുവിന്റെ ഹഖിന് യോജിച്ചതല്ല, കാരണം അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും, എല്ലാം നിയന്ത്രിക്കുന്നവനുമാണ്.......അവനാണ് ആകാശത്തിലും ഇലാഹ്, ഭൂമിയിലും ഇലാഹ്. അവന് പ്രതിനിധിയായി ആരുമില്ല. അവന്റെ സ്ഥാനത്ത് ആരോഹിതനാകാൻ ആർക്കും കഴിയില്ല. അവന് പോരൊത്തവനില്ല, തുല്ല്യനുമില്ല. അവന് പ്രതിനിധിയെ നിശ്ചയിച്ചവൻ അവനിൽ പങ്ക് ചേർത്തവനാണ്.'' *(ഫതാവൽ കുബ്റാ: ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ്യ(റ): 2/552, 553)*

ഇതത്രെ ഖലീഫത്തുല്ലാഹിയുടെ പ്രാമാണിക അടിത്തറ. ഇബ്നു അറബിയെ പോലെയുള്ള പിഴച്ച ചിന്താഗതിക്കാർ പടച്ച് വിട്ട ശിർക്കൻ സങ്കൽപ്പങ്ങളിന്മേലും, റാഫിളിയ്യാ ചിന്താധാരയുടെ മേലു മാണ് മൗദൂദിസം വളർന്ന് പൊങ്ങിയത് എന്നതിന് ഇതിൽ പരം എന്ത് തെളിവാണ് വേണ്ടത്? സ്വന്തമായൊരു ആദർശം നിർമ്മിക്കുകകയും അതിന് ദീനിന്റെ ചായം പൂശാൻ ശ്രമിക്കുകയും ചെയ്തതാണ് ഇക്കൂട്ടർക്ക് പറ്റിയ അബദ്ധം. പ്രമാണങ്ങളെ സലഫുസ്വാലിഹീങ്ങൾ മനസ്സിലാക്കി യത് പോലെ മനസ്സിലാക്കാതെ രാഷ്ട്രീയ താൽപര്യങ്ങള്ക്കൊപ്പിച്ച് വ്യാഖ്യാനിച്ച് അവർ പടുത്തു യർത്തിയ 'ഇഖാമുത്തുദ്ദീൻ' എന്ന ചീട്ട് കൊട്ടാരമാണ് ഇവിടെ തകർന്നടിയുന്നത്. അല്ലാഹുവിനെ ഭയപ്പെടുകയും, ഹൃദയങ്ങളിൽ കൈവെച്ച് കൊണ്ട് അല്ലാഹുവോട് സന്മാർഗ്ഗത്തെ തേടുകയും ചെയ്യുന്ന ഏതൊരു ജമാഅത്ത് സുഹൃത്തുക്കൾക്കും സുവ്യക്തമായി കാര്യങ്ങൾ ഗ്രഹിക്കാൻ ഈ പുത്തൻ ആദർശത്തിന്റെ പേരിന്റെ അറ്റം പുണർന്നിരിക്കുന്നത് പ്രമാണങ്ങളെയാണോ എന്ന് ശ്രദ്ധിച്ചാൽ മാത്രം മതിയാകും.